വരുന്ന ഒഴിവുകളിൽ ഇവരെ സ്ഥിരപ്പെടുത്തുന്നകാര്യം പരിഗണിക്കാമെന്ന് മറുപടി നൽകിയതാണ്. ഈ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നകാര്യത്തിൽ താമസംവിനാ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനു കേരളാ ഹൈക്കോടതി വിധിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന പരിശീലനം ലഭിച്ചവർക്കെല്ലാംതന്നെ നിയമനം നൽകിക്കഴിഞ്ഞിരിക്കുന്നു. പി.എസ്.സി. ലിസ്റ്റ് നിലവിൽ ഇല്ല. ഒഴിവുകൾ ധാരാളമുണ്ട്. ഈ ഒഴിവുകൾ വർഷങ്ങളായി ഈ മേഖലയിൽ ജോലി നോക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് നികത്തേണ്ടതാണ്. കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി വിജയിപ്പിക്കാൻ സേവനമനുഷ്ഠിക്കുന്ന ഈ വിഭാഗം ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തേണ്ടത് നീതി മാത്രമാണ്. മറ്റൊരു ജോലി നേടാൻ പ്രായപരിധി കഴിഞ്ഞവരും പി.എസ്.സി. വഴി സ്ഥിരം നിയമനത്തിന് അപേക്ഷിക്കുന്നതിന് അവസരമില്ലാത്തവരും ആയവർ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. മറ്റു വകുപ്പുകളിലും മേഖലകളിലുമുള്ള താൽക്കാലിക ജീവനക്കാരുടെ കൂട്ടത്തിൽ ഇവരെ ഉൾപ്പെടുത്താതെ രാജ്യത്തിനുവേണ്ടി അർപ്പിക്കുന്ന സേവനം കണക്കിലെടുത്തുകൊണ്ട് മാനുഷിക പരിഗണന നൽകി ഇപ്പോൾ നിലവിലുള്ള ഒഴിവുകളിൽ ഇവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്ന ഔഷധ ചികിത്സയുടെ നടത്തിപ്പിനായി താൽക്കാലിക ലെപ്രസി ഇൻസ്പെക്ടർമാർക്ക് പരിശീലനം നൽകിയിരുന്നു. ഇവരെയൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയാണ് തെരഞ്ഞെടുത്തിരുന്നത്. അത്തരത്തിൽപ്പെട്ട 73 പേരെ വിവിധ ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. ഈ കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മിഷന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. Modified Lepracy Campaign ന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ കണ്ടെത്തിയ 2000 പുതിയ കേസ്സുകളുൾപ്പെടെ 5000 കുഷ്ഠരോഗികളെ സംസ്ഥാനത്ത് കണ്ടെത്തിയിരുന്നു. ഇതുപോലും രണ്ടായിരാമാണ്ടോടുകൂടി കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന് കണക്കാക്കുന്നു. അത്തരം ഒരു സാഹചര്യത്തിൽ ലെപ്രസി ഇൻസ്പെക്ടർമാരുടെ സേവനം എത്രകാലം ആവശ്യമുണ്ടെന്നകാര്യം പരിശോധിച്ചതിനുശേഷം തീരുമാനിക്കേണ്ട കാര്യമാണ്. ഗവൺമെന്റ് അത് പരിശോധിക്കുന്നതാണ്.

(11) നെടുവത്തൂർ മണ്ഡലത്തിലെ വെളിനെല്ലൂർ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. എഴുകോൺ നാരായണൻ : സർ, നെടുവത്തൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന വെളിനെല്ലൂർ പഞ്ചായത്തിൽ പണി പൂർത്തിയാക്കിയ വെളിനെല്ലൂർ ശുദ്ധജലവിതരണ പദ്ധതി പമ്പിംഗ് നടത്തി പൂർണ്ണമായും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തണം. വെളിനെല്ലൂർ ശുദ്ധജലവിതരണപദ്ധതി പൂർണ്ണമായി പമ്പിംഗ് നടത്തുന്നതിന് തടസ്സമായി നിൽക്കുന്നത് വോൾട്ടേജ് ക്ഷാമമാണ്. ഇത് പരിഹരിക്കാൻ ജലസേചനവകുപ്പ് രണ്ടുലക്ഷം രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായി പംമ്പിംഗ് നടത്തി ജലവിതരണം നടത്താനുതകുന്നവിധം വെളിനെല്ലൂർ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

371/2010.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ), സർ, വെളിയം ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിൽപ്പെട്ട വെളിനെല്ലൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ വിതരണ പദ്ധതിയിൽ നിന്നും പമ്പിംഗ് നടത്തുന്നതിന് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 1,96,280 രൂപയുടെ ജോലിക്ക് 15-4-1999-ൽ സാങ്കേതിക അനുമതി നൽകികഴിഞ്ഞു. ഈ ജോലി എത്രയും വേഗം ചെയ്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(12) വാളയാർ, പോത്തുണ്ടി, മംഗലം, ഗായത്രി എന്നീ പ്രോജക്ടുകളുടെ കീഴിലുള്ള കാഡ പദ്ധതികൾക്ക് രാസവള സബ്സിഡി ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. കെ.എ. ചന്ദ്രൻ : സർ, പാലക്കാട് ജില്ലയിലെ ചിറ്റൂർപ്പുഴ, മലംപുഴ, വാളയാർ, ഗായത്രി, പോത്തുണ്ടി, മംഗലം എന്നീ ജലസേചന പദ്ധതികളുടെ കീഴിൽ ഉള്ള ആയക്കട്ട് ഏരിയയിലെ കർഷകർക്ക് Command Area Development Authority യിൽനിന്നും കാലാകാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന രാസവള കീടനാശിനി സബ്സിഡി ഇപ്പോൾ ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്. കർഷകർക്ക് കൃഷി ചെലവിന് അല്പം ആശ്വാസം നൽകുന്ന ഒരു പദ്ധതിയാണിത്. കർഷകർക്ക് കിട്ടേണ്ടുന്ന ആനുകൂല്യത്തിനുള്ള അപേക്ഷ 25.6.1999 -നുമുമ്പായി സമർപ്പിക്കണമെന്ന് പത്രപ്പരസ്യം മുഖേനയും മറ്റു നിലയിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് ആയിരക്കണക്കിന് കർഷക സമിതികൾ യഥാസമയം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ ഈ അപേക്ഷകൾ യഥാസമയം പരിശോധിക്കുന്നതിന് കൃഷി ഓഫീസർമാരും റവന്യൂ ഉദ്യോഗസ്ഥന്മാരും വേണ്ടത്ര ഇല്ലെന്നുള്ളതിന്റെ പേരിൽ ഈ ആനുകൂല്യങ്ങൾ നൽകുന്നത് നിർത്തിവച്ചിരിക്കുന്നു. ഞാൻ അറിഞ്ഞിടത്തോളം 6 കൃഷി ഓഫീസർമാർ വേണ്ട സ്ഥാനത്ത് മൂന്നുപേരെ ഉള്ളൂ. വില്ലേജ് ഓഫീസർമാർ 6 പേർ വേണ്ട സ്ഥാനത്ത് ഒന്നേയുള്ളൂ. അത് എന്തൊക്കെ ആയാലും കൃഷിക്ക് യഥാസമയം വളം ചെയ്യേണ്ടതാണ്.

ഈ പദ്ധതിയിൽ ഇതുൾപ്പെടുത്തുകയും ആവശ്യത്തിന് പണം അനുവദിക്കുകയും ചെയ്തിട്ടും യഥാസമയം ലഭിച്ചില്ലായെങ്കിൽ ഇതുകൊണ്ട് എന്താണ് പ്രയോജനം? ഓഫീസർമാരുടെ പരിശോധന കഴിഞ്ഞിട്ട് സാമ്പത്തികവർഷത്തിന്റെ അവസാനം കൊടുത്താൽ ഇത് പ്രയോജനപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് ഈ കർഷകസമിതികളെ ഉത്തമവിശ്വാസത്തിലെടുത്ത് കർഷകർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കണം. ഇതുസംബന്ധിച്ച് കർഷകസമിതിയുടെ പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവർ ഒന്നു രണ്ടുതവണ ചർച്ച നടത്തി, എന്നിട്ടും ഫലം കാണാത്തതുകൊണ്ട് കർഷകർ ഇവിടെയൊരു സമരം നടത്തി. കർഷകർക്ക് യഥാസമയം ലഭ്യമാക്കേണ്ടുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുക തന്നെ വേണം. ആവശ്യത്തിന് ഉദ്യോഗസ്ഥന്മാരെ നിശ്ചയിച്ച് യഥാസമയം പരിശോധന നടത്തുന്നതിന് ഞങ്ങളാരും എതിരല്ല. പക്ഷെ പരിശോധന നടത്താത്തതിന്റെ പേരിൽ യഥാസമയം ആനുകൂല്യം ലഭിക്കാതിരിക്കരുത്. അതുകൊണ്ട് കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly